# കർഷകർക്ക് താങ്ങായി ഇനി 'വിത' യന്ത്രം

കോഴിക്കോട്: കൃഷി ഉപജീവന മാക്കിയ മലയാളി കർഷകർക്കാ യി വിത യന്ത്രം. പത്തനംതിട്ട മൈലപ്ര സേക്രഡ് ഹാർട്ട് എച്ച് എസ്എസിലെ പ്ലസ് ടു വിദ്യാർ ഥികളായ സ്റ്റെഫിൻ ഫിലിപ്പ് ബാബുവും ഹെബ്സിബ ബിജു വുമാണ് യന്ത്രം നിർമ്മിച്ചത്.

കർഷകർക്ക് അവരുടെ അധ്വാ ന ഭാരം കുറയ്ക്കാൻ ഈ വിതയന്ത്രത്തിലൂടെ കഴിയുമെ ന്ന് ഇവർ വ്യക്തമാക്കുന്നു. ശാ സ്ത്രമേളയുടെ വർക്കിംഗ് മോഡ ലിൽ അവതരിപ്പിച്ച ഈ യന്ത്ര ത്തിന് കൃഷിക്കായി കുഴിയെടു ക്കാനും വിത്തിറക്കാനും വളമി ടാനും വെള്ളം ഒഴിക്കാനും എ ല്ലാം ഒരേ സമയം കഴിയും. സൈ ക്കിൾ ചെയിനും രണ്ടു വീലുക ളും മാത്രം മതി വിത യന്ത്രം നിർ മ്മിക്കാൻ. യന്ത്രം വലിച്ച് നടക്കു മ്പോൾ കുഴിയെടുക്കൽ മുതൽ നനയ്ക്കൽ വരെ ഒരുമിച്ചു ചെ യ്യാം. കർഷക കുടുംബത്തിൽ ജ നിച്ച സ്റ്റെഫിനും ഹെബ്സിബ യും തങ്ങളുടെ രക്ഷിതാക്കൾ മ ണ്ണിൽ പൊന്ന് വിളയിക്കുന്നത് ക ണ്ടാണ് വളർന്നത്. ഇതാണ് ഈ കണ്ടുപിടുത്തത്തിന് പ്രചോദന മായത്.

Janayugom 26.11.17